# മത്തായിയുടെ സുവിശേഷത്തിന്റെ

# ജീവ-പഠനം

### ദൂത് നാല്പത്തൊന്ന്

## നിധിയും മുത്തും

Sat ഈ ദൂതിൽ നിധിയെയും മുത്തിനെയും സംബന്ധിച്ച് (13:44-46) വീണ്ടുമൊരു വാക്ക് നൽകുവാനുള്ള ഭാരം എനിക്കുണ്ട്. നൂറ്റാണ്ടുകളിലുടനീളം ഈ രണ്ട് ഉപമകളെ ശരിയായും സമ്പൂർണമായും മനസ്സിലാക്കുകയോ ശരിയായി പ്രയോഗിക്കുകയോ ചെയ്തിട്ടില്ല. ഉപദേശപരമായ ഒരു രീതിയിലല്ല, മറിച്ച് പ്രയോഗത്തിന്റെ മാർഗത്തിൽ ഈ ഉപമകളെ സമീപിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

## ചരിത്ര വസ്തുതകൾ

ഒന്നാമത്, മത്തായി 13 സ്വർഗരാജ്യത്തിന്റെ മർമങ്ങളെക്കുറിച്ചുള്ള ഒരു അധ്യായമാണെന്ന് നാം ഓർക്കണം. ഈ ഉപമകളിൽ അനാവരണം ചെയ്യപ്പെട്ട മർമങ്ങൾ ക്രിസ്തീയ ചരിത്രത്തിന്റെ മുഴുവൻ കാലഘട്ടത്തെയും ഉൾക്കൊള്ളുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, സ്വർഗരാജ്യത്തിന്റെ മർമങ്ങൾ കർത്താവിന്റെ ഒന്നാമത്തെ വരവിനും അവന്റെ രണ്ടാമത്തെ വരവിനും ഇടയിലുള്ള ക്രിസ്തീയ ചരിത്രത്തിന്റെ മുഖ്യ കാര്യങ്ങളെ ഉൾക്കൊള്ളുന്നു. ഈ ഉപമകളെ ശരിയായി വ്യാഖ്യാനിക്കുന്നതിന് നാം ചരിത്ര വസ്തുതകൾ ശ്രദ്ധിക്കേണ്ടതാവശ്യമാണ്. അല്ലെങ്കിൽ, നാം അവയെക്കുറിച്ചു പറയുന്നത് പ്രായോഗികമല്ല, സാങ്കല്പികമായിരിക്കും. ഉദാഹരണത്തിന്, ദാനീയേൽ 2-ൽ രേഖപ്പെടുത്തിയിരിക്കുന്ന നെബൂഖദ്നേസറിന്റെ സ്വപ്നത്തെ വ്യാഖ്യാനിക്കുന്നതിന് ചരിത്ര വസ്തുതകളെ അവഗണിക്കുവാൻ നമുക്കു കഴിയുകയില്ല. നെബൂഖദ്നേസർ തന്റെ സ്വപ്നത്തിൽ കണ്ട വലിയ ബിംബത്തിലെ പൊന്നുകൊണ്ടുള്ള തലയോടും, വെള്ളികൊണ്ടുള്ള നെഞ്ചോടും കൈകളോടും, മറ്റു ഭാഗങ്ങളോടും എന്തു ചരിത്ര വസ്തുതകൾ യോജിക്കുന്നുവെന്ന് നാം അറിയണം. തിരുവെഴുത്തുകൾ വ്യാഖ്യാനിക്കുന്നതിനായി ചരിത്ര വസ്തുതകൾ അറിയേണ്ടതാവശ്യമാണെന്ന് വെളിപ്പാട് 6-ഉം ഉദാഹരിക്കുന്നു. ഈ അധ്യായത്തിൽ നമുക്ക് നാലു കുതിരകളുണ്ട്: വെള്ളക്കുതിരയും,

ചുവന്ന കുതിരയും, മഞ്ഞക്കുതിരയും, കറുത്ത കുതിരയും. നാലു കുതിരകളുടെ നിരവധി വ്യാഖ്യാനങ്ങൾ ലഭ്യമാണ്. എങ്കിലും, അവയൊന്നും നമ്മെ തൃപ്തിപ്പെടുത്തിയില്ല, കാരണം ആ വ്യാഖ്യാനങ്ങൾ ചരിത്ര വസ്തുതകളോട് യോജിക്കുന്നില്ല. ചരിത്രപരമായ വസ്തുതകൾ അനുസരിച്ച് ക്രിസ്തുവിന്റെ ആരോഹണത്തിന്റെ സമയം മുതൽ വെള്ളക്കുതിരയാൽ പ്രതിനിധീകരിക്കപ്പെടുന്ന സുവിശേഷ പ്രസംഗം, അഥവാ സുവാർത്തയുടെ പ്രചരണം നടന്നുകൊണ്ടിരിക്കുന്നു. അതിനെത്തുടർന്ന് ചുവന്ന കുതിരയാൽ സൂചിപ്പിക്കപ്പെടുന്ന യുദ്ധവും, കറുത്ത കുതിരയാൽ സൂചിപ്പിക്കപ്പെടുന്ന ക്ഷാമവും, മഞ്ഞക്കുതിരയാൽ സൂചിപ്പിക്കപ്പെടുന്ന മരണവും നടന്നുകൊണ്ടിരിക്കുന്നു.

## ക്രൈസ്തവലോകത്തിന്റെ ഒരു സമ്പൂർണ ചിത്രം

ഈ തത്ത്വം മനസ്സിൽ വച്ചുകൊണ്ട് നാം മത്തായി 13-ലേക്കു വരുന്നു. ഞങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, ആദ്യത്തെ നാല് ഉപമകൾ ക്രിസ്തുമതത്തിന്റെ പൊതുവായ സാഹചര്യത്തെ വെളിപ്പെടുത്തുന്നു. ഗോതമ്പ് യഥാർഥ വിശ്വാസികളെ സൂചിപ്പിക്കുന്നു; കളകൾ വ്യാജ വിശ്വാസികളെ പ്രതീകവൽക്കരിക്കുന്നു; വലിയ വൃക്ഷം ക്രൈസ്തവലോകത്തെ അതിന്റെ ഭീമാകാരമായ സംഘടനയോടുകൂടെ പ്രതിനിധീകരിക്കുന്നു; സ്ത്രീയാൽ മാവിലേക്കു ചേർക്കപ്പെട്ട പുളിപ്പ് വിശ്വാസത്യാഗിനിയായ സഭയുടെ ദുഷ്ട ഉപദേശങ്ങളെയും ജാതീയ അനുഷ്ഠാനങ്ങളെയും കുറിക്കുന്നു. ബൈബിളിൽ നേരിയ മാവ് ദൈവത്തിനും തന്റെ ജനത്തിനുമുള്ള ആഹാരമായ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു എന്നു നാം കണ്ടിരുന്നു. ഈ എല്ലാ കാര്യങ്ങളെയും ഒരുമിച്ചു വയ്ക്കുമ്പോൾ നമുക്ക് ക്രൈസ്തവലോകത്തിന്റെ ഒരു സമ്പൂർണ ചിത്രമുണ്ട്.

## ജയാളികൾ

വയലിൽ മറഞ്ഞിരുന്ന നിധിയുടെയും സമുദ്രത്തിൽ നിന്നുള്ള മുത്തിന്റെയും ഉപമകൾ ആശയക്കുഴപ്പം ഉണ്ടാക്കുന്നതാണ്. ഈ ഉപമകളോട് എന്തു ചരിത്ര വസ്തുതയാണ് യോജിക്കുന്നത്? യഥാർഥ വിശ്വാസികൾ ഗോതമ്പിന്റെയും; വ്യാജ വിശ്വാസികൾ കളകളുടെയും; ക്രൈസ്തവലോകം വലിയ വൃക്ഷത്തിന്റെയും; വിശ്വാസത്യാഗിനിയായ സഭ സ്ത്രീയുടെയും; ദൈവദൂഷണത്തിന്റെയും വിവിധ വചനവിരുദ്ധ ഉപദേശങ്ങളുടെയും ദുഷ്ട കാര്യങ്ങൾ പുളിപ്പിന്റെയും; ദൈവത്തിനും മനുഷ്യനും വേണ്ടിയുള്ള ആഹാരമായ ക്രിസ്തു മാവിന്റെയും നിറവേറലാണ്. എന്നാൽ നിധിയുടെയും മുത്തിന്റെയും നിറവേറലായി കണക്കാക്കുവാൻ കഴിയുന്ന എന്താണ് ചരിത്രത്തിലുള്ളത്? ഞാൻ ഇത് കർത്താവിന്റെ

മുമ്പാകെ ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ, ചരിത്രത്തിൽ യഥാർഥ വിശ്വാസികൾക്കും, വ്യാജ വിശ്വാസികൾക്കും, ക്രൈസ്തവലോകത്തിനും, വിശ്വാസത്യാഗിനിയായ സഭയ്ക്കും, ദൈവദൂഷണത്തിനും വചനവിരുദ്ധ അനുഷ്ഠാനങ്ങൾക്കും, ആഹാരമായ ക്രിസ്തുവിനും പുറമെ, കൂടുതൽ ഉറപ്പുള്ളവരും യഥാർഥവാന്മാരും വിലയേറിയവരും ദൈവദൃഷ്ടിയിൽ ഗോതമ്പിനെക്കാൾ മൂല്യമുള്ളവരുമായ ജയാളികളുണ്ടെന്ന് അവൻ എനിക്ക് കാണിച്ചുതന്നു. ദൈവത്തിന്റെ ദൃഷ്ടിയിൽ ഈ ജയാളികളെ വയലിലെ നിധിയോടും, സമുദ്രത്തിൽനിന്നുള്ള മുത്തിനോടും സദൃശ്യപ്പെടുത്തിയിരിക്കുന്നു. ഒന്നാം നൂറ്റാണ്ടു മുതൽ ഇപ്പോഴുള്ള നൂറ്റാണ്ടുവരെ ഗോതമ്പിനാൽ പ്രതിനിധീകരിക്കപ്പെട്ട അനേകം യഥാർഥ ക്രിസ്ത്യാനികളുടെ ഇടയിൽ വയലിൽ മറഞ്ഞിരുന്ന രൂപാന്തരംപ്രാപിച്ച വിലയേറിയ കല്ലുകൾപോലെ കൂടുതൽ ഉറപ്പുള്ളവരായ ഒരു ചെറിയ എണ്ണം ഉണ്ടായിരുന്നു. ഇത് പ്രത്യേകിച്ചും ഇന്ന് സത്യമാണ്. കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ കർത്താവിനെ സ്നേഹിക്കുന്നവരും, ലോകത്തെ ഉപേക്ഷിച്ചവരും, തങ്ങളുടെ സ്വാഭാവിക ജീവനാൽ ജീവിക്കാത്തവരുമായ നല്ലൊരു എണ്ണം വിശുദ്ധന്മാരുണ്ട്. അവർക്ക് ചില പരാജയങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, അവർ അപ്പോഴും ആത്മാവിൽ ജീവിക്കുവാനും, കർത്താവിന്റെ സാന്നിധ്യത്തിൽ സമയം ചിലവഴിക്കുവാനും, കർത്താവിന്റെ ഹിതത്തിൽ തങ്ങുവാനും, പ്രായോഗികമായ ഒരു രീതിയിൽ അവനുമായി ഒന്നായിരിക്കുവാനും ഇഷ്ടപ്പെടുന്നു. ഇതുപോലുള്ളവർ, വലിയ തോതിലുള്ളതും അളവിൽ സമൃദ്ധവുമായ ഗോതമ്പു മാത്രമല്ല, അവർ അളവിൽ ചെറുതും ഭൂമിക്കടിയിൽ മറഞ്ഞിരിക്കുന്നവയുമായ രൂപാന്തരപ്പെട്ട വിലയേറിയ കല്ലുകളുമാണ്. അധികം ആർക്കും അവരെ കാണുവാൻ കഴിയുകയില്ല, എന്നാൽ കർത്താവ് അവരെ കാണുന്നു.

## ശൂന്യമാക്കപ്പെടുകയും ഉറപ്പിക്കപ്പെടുകയും ചെയ്യു

തങ്ങൾ ഗോതമ്പു മാത്രമല്ല, പിന്നെയോ കൂടുതൽ ഉറപ്പുള്ളവരും, മൂല്യമുള്ളവരും, വിലയേറിയവരും ആണെന്ന് കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള അനേകം വിശുദ്ധന്മാർക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. ചില സഹോദരന്മാരും സഹോദരിമാരും കർത്താവിന്റെ പ്രത്യുദ്ധാരത്തിലേക്കു വരുന്നതിനുമുമ്പ് അവർ ഗോതമ്പായിരുന്നു. പുറമെ, അവർ ഏറെക്കുറെ ബൃഹത്തായവരും പ്രദർശിപ്പിക്കുന്നവരും ആയിരുന്നു. എന്നാൽ അവർ പ്രത്യുദ്ധാരത്തിൽ ആയിരുന്ന വർഷങ്ങളിൽ അവർ ഞെരുക്കപ്പെടുകയും ശൂന്യമാക്കപ്പെടുകയും ചെയ്യു. വർഷംതോറും അവർ ചെറുതായിത്തീർന്നു. നിങ്ങൾ ബൃഹത്തായവരായിരുന്നപ്പോൾ, അല്പം വെള്ളംകൊണ്ട്

എളുപ്പത്തിൽ ഹാനിവരുവാൻ കഴിയുന്ന പഞ്ഞിപോലെ നിങ്ങൾ മൃദുവും ലഘുവും ആയിരുന്നു. എന്നാൽ നിങ്ങൾ ശൂന്യമാക്കപ്പെടുകയും, ഞെരുക്കപ്പെടുകയും, രൂപാന്തരപ്പെടുകയും ചെയ്തതിനുശേഷം കർത്താവിന് കൂടുതൽ വിലയേറിയവരാണെന്ന ഉറപ്പ് നിങ്ങൾക്കുണ്ട്. നമ്മിൽ അനേകർക്ക് ഇത് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള നാം മുമ്പുണ്ടായിരുന്നതുപോലെ അത്ര ബൃഹത്തായവരല്ല. പകരം, നാം സ്ഥിരമായി ശൂന്യമാക്കപ്പെടുകയും, രൂപാന്തരപ്പെടുകയും, കൂടുതൽ ഉറപ്പുള്ളവരാക്കപ്പെടുകയും ചെയ്യുകൊണ്ടിരിക്കുന്നു. വിലയേറിയ ഒരു കല്ലുപോലെ നിങ്ങൾ ഉറപ്പുള്ളവരായിത്തീർന്നശേഷം ഒരു വെള്ളപ്പൊക്കത്തിനുപോലും നിങ്ങളെ നശിപ്പിക്കുവാൻ കഴിയുകയില്ല. ഒരു വിലയേറിയ കല്ലിനെ നശിപ്പിക്കുന്നതിനു പകരം വെള്ളം അതിനെ കൂടുതൽ ശുദ്ധവും വിലയേറിയതുമാക്കുന്നതേയുള്ളൂ.

ക്രിസ്തീയ ചരിത്രം നാം പരിശോധിക്കുന്നുവെങ്കിൽ, നിധിയുടെയും മുത്തിന്റെയും വിഭാഗങ്ങളിലുള്ളവരെ നമുക്ക് കണ്ടെത്തുവാൻ കഴിയും. നിധിയുടെയും മുത്തിന്റെയും ഉപമകൾ നൂറ്റാണ്ടുകളിലുടനീളമുള്ള ജയാളികളെ പരാമർശിക്കുന്നു. നിർവ്യാജരായ വിശ്വാസികളുടെ ഒരു ദൃഷ്ടാന്തമായി കർത്താവ് വയലിൽ വിതയ്ക്കപ്പെട്ട വിത്തിൽനിന്നു വളരുന്ന ഗോതമ്പിന്റെ ഉദാഹരണം ഉപയോഗിച്ചു. എങ്കിലും ഇത് യഥാർഥ വിശ്വാസികളുടെ പൊതുവായ ഒരു ദൃഷ്ടാന്തമാണ്. സഭയുടെ ജയാളികളായ അംഗങ്ങളെ വർണിക്കുവാൻ കർത്താവ് മറ്റുള്ള ദൃഷ്ടാന്തങ്ങൾ ഉപയോഗിക്കുന്നു. അവ ജീവനില്ലാത്ത മൺതരികളായിരുന്നു. എന്നാൽ അവർ, മരണജലത്തിൽ ജീവിക്കുന്ന മുത്തുച്ചിപ്പിയായ, ക്രിസ്തുവിനെ മുറിവേൽപിക്കുകയും, ക്രിസ്തുവിന്റെ മുറിവിൽ തങ്ങുകയും, അവിടെ ക്രിസ്തുവിന്റെ ജീവന്റെ ജീവസ്രവണത്തിൽ പങ്കുചേരുകയും ചെയ്തു. ഇത് അവരെ വീണ്ടും ജനിക്കുവാൻ പ്രാപ്തരാക്കിയെന്നു മാത്രമല്ല, അവരെ മുത്തുകളായിത്തീരുവാനും ഇടയാക്കി. ഇത് ഗോതമ്പ് ഉല്പാദിപ്പിക്കുവാൻ വയലിൽ വിതയ്ക്കപ്പെട്ട ഒരു വിത്തിനെക്കാൾ അർഥപൂർണമാണ്; ഇത് ക്രിസ്തുവിന്റെ ജീവസ്രവണം മുഖാന്തരം വിലയേറിയതായിത്തീർന്ന ഒന്നാണ്.

## സഭയും രാജ്യവും

സംശയമെന്യേ നിധി വിലയേറിയ കല്ലുകളെ പരാമർശിക്കുന്നുവെന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചു. പുതിയ യെരൂശലേമാണ് സഭാജീവിതത്തിന്റെയും രാജ്യജീവിതത്തിന്റെയും ആത്യന്തിക പരിണിതി, കാരണം ഈ നഗരത്തിൽ സഭാജീവിതം രാജ്യവുമായി കൂടിച്ചേർന്നിരിക്കുന്നു. പുതിയ യെരൂശലേമിന്റെ കെട്ടുപണി മുഖ്യമായി മുത്തു കവാടങ്ങളും, മതിലിനെയും അതിന്റെ അടിസ്ഥാനങ്ങളെയും രൂപപ്പെടുത്തുന്ന വിലയേറിയ കല്ലുകളും

കൊണ്ടുള്ളതാണ്. ഇതെല്ലാം മുഴുവൻ കെട്ടിടത്തെയും താങ്ങിനിർത്തുന്ന പൊന്നുകൊണ്ടുള്ള അടിത്തറയിന്മേൽ ഉറപ്പിച്ചിരിക്കുന്നു. ഈ ദൂതിൽ നാം മുത്തുകവാടങ്ങളെയും നിധിമതിലിനെയും കേന്ദ്രീകരിക്കുന്നു. മുത്ത് സഭയെയും, നിധി രാജ്യത്തെയും പരാമർശിക്കുന്നു.

മത്തായി 13-ലെ ഉപമകളിൽ മാർമ്മികമായ ഒരു രീതിയിൽ സഭയെയും രാജ്യത്തെയും കുറിച്ച് സംസാരിച്ചിരിക്കുന്നു. എന്നാൽ സഭയെയും രാജ്യത്തെയും കുറിച്ചുള്ള വ്യക്തമായ ഒരു വാക്ക് പതിനാറാം അധ്യായത്തിൽ കർത്താവ് തന്റെ ശിഷ്യന്മാരോട് സംസാരിക്കുന്നു. 16:18-ൽ, "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും" എന്നും തുടർന്നുള്ള വാക്യത്തിൽ "സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു നൽകും" എന്നും അവൻ പറയുന്നു. ഈ വാക്യങ്ങളിൽ നാം സഭയെയും രാജ്യത്തെയും കാണുന്നു. മത്തായി 13-ലെ നിധിയെയും മുത്തിനെയും മനസ്സിലാക്കുന്നതിനായി മത്തായി 16-ലെ സഭയെയും രാജ്യത്തെയും നാം വിചിന്തനം ചെയ്യണം. ഈ രണ്ട് അധ്യായങ്ങളെ സംബന്ധിച്ച് നിങ്ങൾ പ്രാർഥിക്കുന്നുവെങ്കിൽ, നിധി രാജ്യമാണെന്നും മുത്ത് സഭയാണെന്നും സ്വമേധയാ നിങ്ങൾ കാണും. നിധിയും മുത്തും പുതിയ യെരൂശലേമിലുണ്ട്.

മത്തായി 13 അനുസരിച്ച് കർത്താവായ യേശു തനിക്കുള്ളതൊക്കെയും വിറ്റ് മുത്തു വാങ്ങി. കർത്താവ് തന്റെ രക്തംകൊണ്ട് സഭയെ വിലയ്ക്കുവാങ്ങിയെന്ന് പ്രവൃത്തികൾ 20:28 പറയുന്നു. ക്രൂശിൽ അവൻ തനിക്കുള്ളതെല്ലാം വിൽക്കുകയും സഭയെ വാങ്ങുകയും ചെയ്തുവെന്ന് ഇത് അർഥമാക്കുന്നു. മത്തായി 13-ലെ മുത്ത് സഭയാണെന്നതിന്റെ ശക്തമായ ഒരു തെളിവാണിത്, കാരണം മുത്ത് ഒരു വ്യാപാരിയാൽ വിലയ്ക്കു വാങ്ങപ്പെട്ടതായിരുന്നു. വ്യാപാരി കർത്താവാണെന്നതിന് യാതൊരു സംശയവുമില്ല.

## രാജ്യജീവിതം

പുതുതായി ജനിച്ചതിലൂടെ, വീണ്ടും ജനിച്ചതിലൂടെ (യോഹ. 3:5) നാം രാജ്യത്തിന്റെ മണ്ഡലത്തിൽ പ്രവേശിക്കുന്നു. വീണ്ടുംജനനം മുത്തിനോട് ബന്ധപ്പെട്ടിരിക്കുന്നു, കാരണം മുത്ത് വീണ്ടുംജനനത്തിന്റെ തത്ത്വത്താൽ ഉളവാക്കപ്പെടുന്നു. പുനർജനിക്കുന്നതിലൂടെ നാം ദൈവത്തിന്റെ മണ്ഡലത്തിലേക്ക്, രാജ്യത്തിന്റെ മണ്ഡലത്തിലേക്ക് പ്രവേശിക്കുന്നു. നാം വീണ്ടുംജനിച്ചതിനുശേഷം നാം അവനാൽ ജീവിക്കുവാൻ തുടങ്ങി. നാം അവനെ സ്നേഹിച്ചതുകൊണ്ട്, അവന്റെ നിയന്ത്രണത്തിൻകീഴിൽ തങ്ങുവാനും അവനാൽ പരിമിതപ്പെടുവാനും നാം ആഗ്രഹിച്ചു. എല്ലാ വശത്തും പരിമിതപ്പെടുന്നത് നമ്മിൽ അനേകർ

അനുഭവമാക്കിയിട്ടുണ്ട്. നാം പരിമിതപ്പെടുന്നത് മനുഷ്യനാലല്ല, പിന്നെയോ ആന്തരികവും അദൃശ്യവുമായ ഒന്നിനാൽ—സ്വർഗീയ ഭരണത്തിൻകീഴിലുള്ള ജീവനാൽ ആയിരുന്നു. ചില കാര്യങ്ങൾ ചെയ്യുവാൻ നാം ശ്രമിച്ചേക്കാം, എന്നാൽ നിഗൂഢവും, അദൃശ്യവും, ആന്തരികവുമായ നിയന്ത്രണത്താൽ അവയെ ചെയ്യുന്നതിൽനിന്നും നാം പരിമിതപ്പെടുന്നു. നമ്മുടെ ബന്ധുക്കൾക്കോ സഹപാഠികൾക്കോ ആ കാര്യങ്ങൾ ചെയ്യുവാനുള്ള സ്വാതന്ത്ര്യം ഉണ്ട്, എന്നാൽ നമുക്ക് അതു ചെയ്യുവാൻ കഴിയുകയില്ല. അദൃശ്യമായ ഒന്ന് നമ്മുടെമേൽ ഒരു ആന്തരിക നിയന്ത്രണം പ്രയോഗിക്കുകയും, നാം ഈ നിയന്ത്രണത്തിൻകീഴിൽ ജീവിക്കുകയും ചെയ്യുന്നു. ഇതാണ് നിധിയായ രാജ്യജീവിതം.

നാം ക്രിസ്ത്യാനികളായിത്തീരുന്നതിനു മുമ്പ്, നാം മണലായിരുന്നു. എന്നാൽ നാം വീണ്ടുംജനിപ്പിക്കപ്പെട്ടു. ഇത് അർഥമാക്കുന്നത് ജീവനുള്ള ഒന്ന് നമ്മിലേക്ക് പ്രവേശിച്ചിരിക്കുന്നു എന്നാണ്. കൂടുതൽ ജീവരസം നമ്മുടെമേൽ സ്രവിച്ചപ്പോൾ, നാം വിലയേറിയവരായിത്തീരുകയും നിഗൂഢമായ ഒരു നിയന്ത്രണത്തിൻകീഴിൽ ജീവിക്കുവാൻ തുടങ്ങുകയും ചെയ്തു. ഇതാണ് മുത്തിന്റെയും നിധിയുടെയും അനുഭവം.

കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള സ്ഥലം സഭ ഒരു മുത്താണ്. എന്നാൽ കർത്താവിന്റെ ദൃഷ്ടിയിൽ ഈ സഭ ലോകത്തിൽനിന്നും മറഞ്ഞിരിക്കുന്ന ഒരു നിധിയും ആയിരിക്കണം. ലൗകികരായ ജനത്തിനോ ക്രിസ്തുമതത്തിലുള്ളവർക്കോ നാം എന്താണ് ചെയ്യുന്നതെന്ന് അറിയില്ല. നാം ഒരു മുത്തിൻ ജീവിതവും അദൃശ്യമായ നിയന്ത്രണത്തിൻകീഴിലുള്ള ഒരു ജീവതവും നയിക്കുകയാണെന്ന് ഉള്ളിൽ ആഴത്തിൽ നാം അറിയുന്നു. നാം ആണ് മുത്തും നിധിയും.

പതിമൂന്നാം അധ്യായത്തിലെ ആദ്യത്തെ നാല് ഉപമകൾ നമ്മെ പൂർണമായി വിശദീകരിക്കുന്നില്ല. നാം കേവലം ഗോതമ്പോ നേരിയ മാവോ അല്ല. നാം ഇതിനെക്കാൾ കൂടുതൽ വിലയേറിയവരും, ഉറപ്പുള്ളവരും, നിർവ്യാജരും ആണ്. നാം മുത്തും നിധിയും ആണ്. ഇത് കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ രാജ്യജീവിതത്തോടുകൂടെയുള്ള സഭാജീവിതമാണ്. രണ്ടാമത്തെ കൂട്ടത്തിലുള്ള ഉപമകൾ നമുക്കില്ലായിരുന്നുവെങ്കിൽ, നാം എവിടെ ആയിരിക്കണമെന്ന് നാം അറിയുമായിരുന്നില്ല. ഞാൻ ഇനിമേൽ ആദ്യത്തെ കൂട്ടത്തിലല്ല, ഞാൻ രണ്ടാമത്തെ കൂട്ടത്തിലാണെന്നു പറയുന്നതിൽ ഞാൻ സന്തുഷ്ടനാണ്. ഇത് നിങ്ങൾക്കു പറയുവാൻ കഴിയുമോ? നിങ്ങൾ കേവലം അല്പം ക്രിസ്തുവുള്ള ഒരു വിശ്വാസിയാണോ? ഇതാണ് നിങ്ങളുടെ സാഹചര്യമെങ്കിൽ, നിങ്ങൾ ക്രൈസ്തവലോകത്തിലുള്ള

ഒരു നിർവ്യാജനായ ക്രിസ്ത്യാനിയായിരിക്കണം. നാം ക്രൈസ്തവലോകത്തിലുള്ളവരല്ല എന്നതിനായി കർത്താവിന് സ്തോത്രം ചെയ്യുന്നു. നമ്മിൽ അനേകർ കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ മുത്തും നിധിയും ആണെന്നതിനായി കർത്താവിനെ സ്തുതിക്കുന്നു!

Mon

## നാം എങ്ങനെ പണിയുന്നു എന്നു ശ്രദ്ധിക്കുക

"ഇടുക്കമുള്ള കവാടത്തിലൂടെ അകത്തു പ്രവേശിക്കുവിൻ: എന്തെന്നാൽ....ജീവനിലേക്കു നയിക്കുന്ന കവാടം ഇടുക്കമുള്ളതും വഴി ഞെരുക്കവും ആയതിനാൽ, അതിനെ കണ്ടെത്തുന്നവർ ചുരുക്കം ആകുന്നു" (7:13-14) എന്നു പറയുന്ന വാക്യങ്ങളോട് മുത്തിന്റെയും നിധിയുടെയും ഉപമകൾ യോജിക്കുന്നു. വീതിയുള്ള കവാടവും വിശാലമായ വഴിയും നാശത്തിലേക്കു നയിക്കുന്നു. ഈ ഘട്ടത്തിൽ നാം 1 കൊരിന്ത്യർ 3 നോക്കേണ്ടത് ആവശ്യമാണ്, ക്രിസ്തു എന്ന അടിസ്ഥാനത്തിന്മേൽ നാം എങ്ങനെ പണിയുന്നുവെന്ന് ശ്രദ്ധിക്കണമെന്ന് അവിടെ പൗലൊസ് നമ്മെ പ്രബോധിപ്പിക്കുന്നു. നാം പൊന്നും, വെള്ളിയും, വിലയേറിയ കല്ലുകളും കൊണ്ടാണോ, അതോ മരവും, പുല്ലും, വൈക്കോലും കൊണ്ടാണോ പണിയുന്നത്? പൊന്നും, വെള്ളിയും, വിലയേറിയ കല്ലുകളും തീയുടെ പരിശോധനയെ അതിജീവിക്കുവാൻ കഴിവുള്ള വസ്തുക്കളാണ്. എന്നാൽ മരവും, പുല്ലും, വൈക്കോലും വെന്തുപോകും. ഇന്നത്തെ ക്രിസ്തുമതത്തിൽ വളരെയധികം മരവും ഉണങ്ങിയ പുല്ലും ഉണ്ട്, എന്നാൽ അവിടെ വളരെക്കുറച്ച് പൊന്നാണുള്ളത്. ഇന്നത്തെ ക്രിസ്ത്യാനികളുടെ ഇടയിൽ പൊന്നും, മുത്തും, വിലയേറിയ കല്ലുകളും കണ്ടെത്തുക പ്രയാസമാണ്. ഈ വസ്തുക്കളൊന്നും വലുപ്പമുള്ളതല്ല, ചെറുതാണ്. ക്രിസ്തുമതത്തെ നോക്കുക: എല്ലായിടത്തും മരവും, പുല്ലും, വൈക്കോലും ഉണ്ട്: എന്നാൽ എവിടെയാണ് പൊന്ന്, എവിടെയാണ് വിലയേറിയ കല്ലുകൾ? ക്രിസ്തുമതത്തിന്റെ മാർഗം വിശാലമായ വഴിയാണ്, എന്നാൽ കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ മാർഗം ഞെരുക്കമുള്ള വഴിയാണ്. ചിലപ്പോൾ ഈ ഞെരുക്കമുള്ള വഴിയിൽനിന്നും പുറമെ വലുതും ബൃഹത്തായതുമായ ഒന്നിലേക്ക്, മരവും പുല്ലും വൈക്കോലും കൊണ്ടുണ്ടാക്കിയ ഒന്നിലേക്ക് നമ്മെ വശീകരിച്ചു കൊണ്ടുപോകുന്നതിന് ശത്രു പരിശ്രമിക്കും. എന്നാൽ, പുതിയ യെരൂശലേമിൽ മരംകൊണ്ടുള്ള യാതൊന്നും, കത്തിക്കുവാനും വെന്തുപോകുവാനും കഴിയുന്ന യാതൊന്നും, ഉണ്ടായിരിക്കുകയില്ല. പുതിയ യെരൂശലേമിലുള്ള സകലതും നിത്യതയോളം നിലനിൽക്കും. പൊന്നിനെയും, മുത്തിനെയും, വിലയേറിയ കല്ലിനെയും നശിപ്പിക്കുവാൻ യാതൊന്നിനും കഴിയുകയില്ല. നമ്മുടെ വേലയും സാക്ഷ്യവും ഇതുപോലെ ആയിരിക്കണം.

നാം ക്രൈസ്തവലോകത്തിലോ വിശാലമായ വഴിയിലോ അല്ലെന്ന് നാം എല്ലാവരും കാണണമെന്ന് ഞാൻ ഭാരപ്പെടുന്നു. നാം കർത്താവിന്റെ പ്രത്യുദ്ധാരത്തിലാണ്. നാം ആദ്യത്തെ നാല് ഉപമകളിലല്ല, മറിച്ച് അഞ്ചാമത്തെയും ആറാമത്തെയും ഉപമകളിലാണ്. കർത്താവിന്റെ പ്രത്യുദ്ധാരം അളവിൽ ചെറുതും, ഗുണത്തിൽ ഉന്നതവും കൂടുതൽ ഉറപ്പുള്ളതുമാണ്, കാരണം ഇവിടെ നമുക്ക് നിധിയും മുത്തും ഉണ്ട്.

## ഞെരുക്കമുള്ള വഴിയിൽ തങ്ങുന്നു

ക്രിസ്തുമതത്തിൽ വളരെയധികം വേലകൾ നടക്കുന്നുണ്ടെങ്കിലും ഈ വേലയെല്ലാം കർത്താവിനാൽ അംഗീകരിക്കപ്പെടുമോ? സ്വർഗരാജ്യത്തിന്റെ ഭരണഘടനയുടെ അവസാനത്ത് കർത്താവു പറഞ്ഞു, "ആ നാളിൽ അനേകർ എന്നോട്, കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും, നിന്റെ നാമത്തിൽ ഞങ്ങൾ ഭൂതങ്ങളെ പുറത്താക്കുകയും, നിന്റെ നാമത്തിൽ ഞങ്ങൾ അനേകം വീര്യപ്രവൃത്തികൾ ചെയ്യുകയും ചെയ്തില്ലയോ? എന്നു പറയും" (7:22). എന്നാൽ "ഞാൻ നിങ്ങളെ ഒരിക്കലും അറിഞ്ഞിരുന്നില്ല; അധർമത്തിന്റെ വേലക്കാരേ, എന്നെ വിട്ടുപോകുവിൻ" എന്ന് കർത്താവായ യേശു പറയും (7:23). "ഞാൻ നിങ്ങളെ ഒരിക്കലും അംഗീകരിച്ചിരുന്നില്ല; ഈ കാര്യങ്ങൾ ചെയ്യുവാൻ ഞാൻ നിങ്ങളെ ഒരിക്കലും അനുവദിച്ചിരുന്നില്ല. എന്റെ ദൃഷ്ടിയിൽ നിങ്ങൾ ചെയ്ത സകലവും അധർമമാണ്" എന്ന് കർത്താവു പറഞ്ഞേക്കാം. ക്രിസ്തുമതത്തിന്റെ വേലകൾ കർത്താവിന്റെ അംഗീകാര്യത നേടുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എന്നാൽ നമ്മുടെ കാര്യം എങ്ങനെയാണ്? ഞെരുക്കമുള്ള വഴിയിൽ നിലനിൽക്കുവാൻ നാം ബലപ്പെടേണ്ടതുണ്ട്. ആദ്യത്തെ കൂട്ടത്തിലുള്ള ഉപമകളിൽ തങ്ങുവാൻ നമ്മിലാരും ആഗ്രഹിക്കരുത്, മറിച്ച് രണ്ടാമത്തെ കൂട്ടത്തിലായിരിക്കുവാൻ നാം മുമ്പോട്ടു പോകണം. മറ്റുള്ളവർ വലിയൊരു എണ്ണത്തെ നേടുകയും വലിയൊരു വേല ചെയ്യുകയും ചെയ്തോട്ടെ. നാം ഞെരുക്കപ്പെട്ടുന്നിടമായ മുത്തിലും നിധിയിലും തങ്ങുവാൻ ആഗ്രഹിക്കുന്നു.

അനേകം ക്രിസ്ത്യാനികൾ പുളിപ്പിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് അവർ വലുതും ബൃഹത്തുമായിത്തീർന്നിരിക്കുന്നു. എന്നാൽ കർത്താവിന്റെ പ്രത്യുദ്ധാരത്തിലേക്ക് നാം തിരിഞ്ഞ ദിവസം മുതൽ നാം ഞെരുക്കപ്പെടുവാൻ ആരംഭിച്ചു. നമുക്കെല്ലാവർക്കും, പ്രത്യേകിച്ചും ക്രിസ്തുമതത്തിൽ ഏറെക്കുറെ അറിയപ്പെട്ടിരുന്നവർക്ക്, ഇതിനെക്കുറിച്ച് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള യാതൊന്നും നമ്മെ വലിയവരാക്കിയില്ല. പകരം, നമ്മെ ശൂന്യമാക്കുവാൻ നിരവധി കാര്യങ്ങൾ സംഭവിച്ചു. ഒരു ചെറിയ കുപ്പിയിൽ നമ്മെ വയ്ക്കുന്ന

അളവിൽ ചെറുതാകുവോളം ക്രിസ്തു നമ്മെ ഞെരുക്കും. എന്നാൽ ഈ കുപ്പിയിൽ നിധി ഉണ്ടായിരിക്കും. നമ്മുടെ വഴി ഞെരുക്കമുള്ള വഴിയായതുകൊണ്ട് കർത്താവിന്റെ പ്രത്യുദ്ധാരം അവന്റെ സാക്ഷ്യമാണ്. ഇന്നത്തെ ക്രൈസ്തവലോകത്തിൽ, കത്തോലിക്കാ സഭയിൽപോലും കർത്താവിന് വലിയ അളവിൽ ഗോതമ്പും ചെറിയ അളവിൽ മാവും കണ്ടെത്തുവാൻ കഴിയും. എന്നാൽ അധികം മുത്തും നിധിയും ക്രൈസ്തവലോകത്തിൽ കണ്ടെത്തുവാൻ അവന് കഴിയുകയില്ല.

നാം അഹങ്കരിക്കുന്നില്ലെങ്കിലും, കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള നാം വ്യത്യസ്തരാണെന്ന് നാം മനസ്സിലാക്കുന്നു. ഞാൻ എന്റെ പ്രകൃതത്തിൽ നിങ്ങളെക്കാൾ മോശമായ, പാപിയായ ഒരു മനുഷ്യനാണ്. എന്നാൽ എന്റെ ഉള്ളിൽ ഞെരുക്കുന്ന ജീവൻ എനിക്കുള്ളതുകൊണ്ട് അനേകം കാര്യങ്ങൾ എനിക്ക് ചെയ്യുവാൻ കഴിയുകയില്ലെന്ന് എനിക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും, കർത്താവിനും എന്നെക്കുറിച്ച് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. ഞാൻ ചെയ്യുവാൻ ആഗ്രഹിക്കുന്ന ചില കാര്യങ്ങളോട് ദിനംതോറും ഈ ജീവൻ "അരുത്" എന്ന് പറയുന്നു. ഇതാണ് റോമർ 14:17-ൽ പരാമർശിച്ചിരിക്കുന്ന രാജ്യജീവിതം. നാം രാജ്യത്തിലും വാഴ്ചയിൻകീഴിലും ആയതുകൊണ്ട്, മറ്റുള്ള ക്രിസ്ത്യാനികൾക്ക് സ്വതന്ത്രമായി ചെയ്യുവാൻ കഴയുന്ന അനേകം കാര്യങ്ങൾ നമുക്ക് ചെയ്യുവാൻ കഴിയുകയില്ല. ഇതാണ് ദൈവത്തിന്റെ ദൃഷ്ടിയിൽ വിലയേറിയതും, മൂല്യമുള്ളതും, മനോഹരവുമായ നിധി. മുത്തും നിധി മറഞ്ഞിരുന്ന വയലും വാങ്ങുവാൻ ക്രൂശിൽ അവൻ സകലവും അർപ്പിച്ചു. വയലും മുത്തും അവൻ വാങ്ങിയെന്നത് അവൻ രാജ്യത്തിനും സഭയ്ക്കും വേണ്ടിയുള്ളവനാണെന്ന് വെളിപ്പെടുത്തുന്നു. നാം കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ആയിരിക്കുന്നത് നമ്മുടെ പ്രവൃത്തിയുടെ ഫലമല്ല. നാം ഇവിടെ ആയിരിക്കുന്നത് തന്റെ ജീവനുള്ള സാക്ഷ്യമായിരിക്കേണ്ടതിന് കർത്താവ് നമ്മെ ഒരുമിച്ചു കൂട്ടിവരുത്തിയതുകൊണ്ടാണ്. കർത്താവിന്റെ ദൃഷ്ടിയിൽ നിധിയും മുത്തും ഇവിടെ പ്രത്യുദ്ധാരത്തിൽ ഉണ്ടെന്നതിന് യാതൊരു സംശയവുമില്ല.

ആദ്യത്തെ നാല് ഉപമകളിൽ കർത്താവ് പൊതുവായ ഒരു രീതിയിൽ ക്രൈസ്തവലോകത്തെ വിശദീകരിക്കുകയും, അടുത്ത രണ്ട് ഉപമകളിൽ പ്രത്യേകമായ ഒരു രീതിയിൽ അവൻ തന്റെ ജയാളികളെ വിശദീകരിക്കുകയും ചെയ്തു. ഏഴാമത്തെ ഉപമയായ വലയുടെ ഉപമ ജാതികളെ വിശദീകരിക്കുന്നു. കർത്താവിന്റെ മടങ്ങിവരവിന്റെ സമയത്ത് മൂന്ന് ജനങ്ങൾ ഭൂമിയിൽ ഉണ്ടായിരിക്കും: ക്രൈസ്തവലോകത്തിലുള്ളവരും, കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ളവരും, ജാതികളിൽനിന്നുള്ളവരും. വലയുടെ ഉപമയിൽ ജാതികളെ സമുദ്രത്തിലെ

മത്സ്യത്തോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ഈ "മത്സ്യങ്ങളെ" കർത്താവിന്റെ അടുക്കലേക്ക് കൊണ്ടുവരുകയും, കർത്താവ് തന്റെ ന്യായവിധി അവരുടെമേൽ നടപ്പാക്കുകയും ചെയ്യും. ഇത് കർത്താവിന്റെ മടങ്ങിവരവിന്റെ സമയത്തുള്ള യുഗത്തിന്റെ പൂർണതയെ അടയാളപ്പെടുത്തും. ഇതെല്ലാം സ്വർഗരാജ്യത്തിന്റെ മർമങ്ങളെ സംബന്ധിച്ച ഏഴ് ഉപമകളാൽ വിശദീകരിച്ചിരിക്കുന്നു. നാം ആദ്യത്തെ നാല് ഉപമകളിലോ ഏഴാമത്തെ ഉപമയിലോ അല്ല, മറിച്ച് അഞ്ചാമത്തെയും ആറാമത്തെയും ഉപമകളിലാണുള്ളത്. നാമാണ് നിധിയും മുത്തും. നിധിയുടെയും മുത്തിന്റെയും ഈ ഉപമകൾ ഏറ്റവും വിലയേറിയവയാണ്. ഈ ഉപമകളുടെ നിറവേറലായിരിക്കുന്നത് എന്തൊരു പദവിയാണ്!